ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിന് വനം വകുപ്പു അനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി നിർദ്ദേശം കേരള സർക്കാർ 8-2-2000-ൽ സമർപ്പിച്ചു എങ്കിലും, കേന്ദ്ര സർക്കാർ ചില അധിക വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അധിക വിവരങ്ങൾ യൂസർ ഏജൻസിയായ കേരളാ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭിച്ചാലുടനെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറക്ക് ലൈൻ വലിക്കുന്നതിനുള്ള അനുവാദം നൽകുന്നതാണ്.

കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് തുറക്കാൻ നടപടി

17 (1568) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഒരു ഫോറസ്റ്റ് ഡിവിഷൻ ആഫീസ് ആരംഭിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഡിവിഷൻ ആഫീസ് എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ അടച്ച തുക

18 (1569) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ 2001 ജനുവരി എന്നീ ഓരോ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. എന്തു തുക വീതം ട്രഷറിയിൽ അടച്ചു ;

(ബി) പ്രസ്തുത ഓരോ മാസവും എന്തു തുക വീതം ട്രഷറിയിൽ നിന്ന് പിൻവലിക്കാൻ കെ.എസ്.ആർ.ടി.സി. യെ അനുവദിച്ചു ;

(സി) 2001 ജനുവരിയിലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ എന്തു തുക ട്രഷറിയിൽ മിച്ചമുണ്ട് ;

(ഡി) ഈ തുക കിട്ടാത്തതുകൊണ്ട് ഡീസൽ കമ്പനികൾക്ക് ഡീസൽ വില കൊടുക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് കഴിയാതെ വന്നിട്ടുണ്ടോ ;

(ഇ) ഡീസൽ ലഭിക്കാതെ കെ.എസ്.ആർ.ടി.സി. യുടെ എത്ര ശതമാനം ട്രിപ്പുകൾ വെട്ടിക്കുറക്കേണ്ടതായി വന്നിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly